(ഇ) സി-ഡിറ്റിൽ സർക്കാരിന്റെ അംഗീകാരമുള്ള മൂന്ന് തസ്തികകൾ മാത്രമേ ഉള്ളൂ. ആവശ്യമായ റഗുലർ തസ്തികകൾ സർക്കാർ അംഗീകാരത്തോടെ സൃഷ്ടിക്കപ്പെടുന്നതുവരെ ദൈനംദിന പ്രവർത്തനങ്ങൾ സുഗമമായി കൊണ്ടുപോകുന്നതിന് താൽക്കാലിക ജീവനക്കാരുടെ സേവനം സ്വീകരിക്കേണ്ടി വരും.

(എഫ്) മേൽപ്പറഞ്ഞ താൽക്കാലിക ജീവനക്കാർക്ക് ജോലി സ്ഥിരത നൽകുന്ന കാര്യം പരിഗണിക്കേണ്ടത് സി-ഡിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും ഗവേണിംഗ് ബോഡിയുമാണ്. തീരുമാനമൊന്നും എടുത്തിട്ടില്ല.

ഇൻഫോപാർക്ക് ഐ. റ്റി. മേളകളിൽ രജിസ്റ്റർ ചെയ്തവർ

10 [784] ശ്രീ. കെ. നാരായണക്കുറുപ്പ് :
,, റോഷി അഗസ്റ്റിൻ :
,, തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇൻഫോപാർക്ക് നടത്തുന്ന ഐ.റ്റി. മേളകളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതോടനുബന്ധിച്ച് പ്രൊഫഷണൽ റിക്രൂട്ട്മെന്റ് വിഭാഗത്തിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കാമോ ;

(സി) ഇപ്രകാരം രജിസ്റ്റർ ചെയ്ത എത്ര പേർക്ക് തൊഴിൽ ലഭ്യമായി എന്ന് അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ഇൻഫോപാർക്കിൽ വെച്ച് നടത്തിയ "ഐ.റ്റി. കേരള 2006" ജോബ് മാർട്ടിൽ ആകെ 26,954 ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 10,863 ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഇപ്രകാരം രജിസ്റ്റർ ചെയ്ത 679 പേർക്ക് വിവിധ കമ്പനികൾ അപ്പോയിന്റ്മെന്റ് ഓർഡർ നൽകി കഴിഞ്ഞു. ഷോർട്ട് ലിസ്റ്റ് ചെയ്തവരിൽ നിന്ന് 1549 പേർക്ക് അടുത്ത ഏതാനും മാസങ്ങളിൽ തുടർന്നുള്ള സെലക്ഷൻ പ്രോസസ്സ് വഴി തൊഴിൽ ലഭിക്കാൻ സാധ്യതയുണ്ട്.

അമ്പലമുകളിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കാൻ നടപടി

11 [785] ശ്രീ. എ. കെ. മണി :
,, ജി. കാർത്തികേയൻ :
,, എം. എം. ഹസ്സൻ :
,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലമുകളിൽ ഒരു പെട്രോകെമിക്കൽ കോംപ്ലക്സ് സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ പണി എന്നാരംഭിച്ച് എന്ന് പൂർത്തിയാക്കാമെന്നാണ് കരുതുന്നത് ;

(സി) ഇതിനാവശ്യമായ സ്ഥലമെടുപ്പിന്റെ ഇപ്പോഴത്തെ അവസ്ഥയെന്ത് ;

(ഡി) ഈ പദ്ധതിക്കുവേണ്ടി സംസ്ഥാന സർക്കാർ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യേണ്ടത് ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ 'ഗെയ്ൽ' ഈ പദ്ധതി സ്ഥാപിക്കാനുള്ള നടപടി എടുത്തുവരുന്നു.

(ബി) ഇതിന്റെ പണി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് തീരുമാനിച്ചിട്ടില്ല. പദ്ധതിയുടെ സാദ്ധ്യതാ പഠന റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(സി) നിർദ്ദിഷ്ട പെട്രോകെമിക്കൽ കോംപ്ലക്സ് രണ്ട് സ്ഥലത്തായിട്ടാണ് സ്ഥാപിക്കുക. C2, C3 ഫാക്ടറി പുതുവൈപ്പിൻ ദ്വീപിലും, മറ്റുള്ളവ ഫാക്ടിന്റെ അമ്പലമുകളിലെ സ്ഥലത്തുമായിരിക്കും സ്ഥാപിക്കുക. ഫാക്ടിന്റെ 500 ഏക്കർ സ്ഥലം വാങ്ങുന്നതിന് 'ഗെയ്ൽ' ഉദ്യോഗസ്ഥർ ഫാക്ടിന്റെ മാനേജുമെന്റുമായി ചർച്ച ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. പ്രസ്തുത സ്ഥലം കൈമാറ്റത്തിന് വേഗത കൂട്ടാൻ പരിശ്രമിച്ചുവരുന്നു. പുതുവൈപ്പിനിലെ സ്ഥലത്തിനായി കൊച്ചി പോർട്ട് ട്രസ്റ്റിന് അപേക്ഷ നൽകിക്കഴിഞ്ഞു.

(ഡി) പ്രസ്തുത പദ്ധതിക്കായി നികുതിയിലും, തീരുവയിലും ചില ഇളവുകൾ അടങ്ങിയ ഒരു പാക്കേജ് അനുവദിക്കണമെന്ന ഗെയ്ലിന്റെ ആവശ്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്.

സേവന പ്രദാന പദ്ധതി

12 [786] ശ്രീ. ടി. കെ. ദേവകുമാർ :
,, കെ. പി. സതീശ് ചന്ദ്രൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണ നവീകരണ പദ്ധതിയുടെ കീഴിൽ എന്തെല്ലാം സേവന പ്രദാന സംസ്ഥാന തല പ്രോജക്ടുകളും സ്ഥാപനങ്ങളുടെ സ്ഥാപനതല പദ്ധതികളുമാണ് ഏറ്റെടുത്തിട്ടുള്ളത് ; ഇതിന്റെ ഓരോന്നിന്റെയും പദ്ധതി നിർവ്വഹണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ ;

(ബി) 2005-2006 വർഷം സേവന പ്രദാന പദ്ധതി നടപ്പാക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്രയാണെന്നും ഇതിനകം ഓരോ മേഖലയിലും ചെലവഴിച്ച തുക എത്ര വീതമെന്നും പറയാമോ ;

(സി) ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ സേവന പ്രദാന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly